വേണ്ടതെന്നു നിശ്ചയിക്കുവാനായിട്ടും മറ്റും ഒരു കമ്മിറ്റിയെ വെച്ചാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. പക്ഷെ കമ്മിറ്റിക്കുടാതെതന്നെ ഈ സംഗതിയുടെ അത്യാവശ്യകതയെ ഗവണ്മെണ്ടു ധരിച്ചിട്ടുണ്ടെന്നും ഇതു് ഏറ്റവും വേഗത്തിൽ പ്രവൃത്തിയിൽ വരുത്തുവാൻ തയ്യാറാണെന്നും ഉശിരുള്ള ആഭ്യരാഗ്യമന്ത്രി ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ടും ഞാൻ ഈ പ്രമേയം പ്രസ്സു ചെയ്യണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഗവണ്മെണ്ടിന്റെ പ്ലാനിംഗ് അനുസരിച്ചു മൂന്നു വർഷംകൊണ്ടെങ്കിലും എല്ലാ സ്ഥലങ്ങളിലും വൈദ്യസഹായം സുലഭമായും തൃപ്തികരമായും നൽകുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

By leave, withdrawn

11. Necessity to consider the claim of the Muslim Community to the post of Secretaries in the Secretariat

Mr. P. A. Muhamed Ashroff *(Cranganur):* Sir, I beg to move that "This Council recommends to Government that the claims of the Muslim Community should be considered and brought into effect when the next vacancy of a Secretary arises in the Secretariat".

ഞാൻ ഫ ഫ വ ാ ലെ ബഡ്ജറ്റവസരത്തിൽ ഒരു ഖണ്ഡനോപക്ഷേപം വഴി എന്റെ സമുദായത്തിന്റെ ആവശ്യതകളെ ഗവണ്മെണ്ടിന്റെ മുമ്പാകെയും ബഹുമാനപ്പെട്ട സഭ മുമ്പാകെയും വെക്കുകയുണ്ടായി. എന്നാൽ ഈ ഒരു പ്രധാനഉദ്യോഗംതന്നെയല്ല മറ്റു പ്രധാനഉദ്യോഗങ്ങളിലും ഇതുവരെ മുസ്ലീമിങ്ങൾക്കൊ മറ്റു അവശസമുദായങ്ങൾക്കൊ യാതൊരുവക സ്ഥാനങ്ങളും കൊടുത്തിട്ടില്ല എന്നുള്ള ദയനീയമായ ഒരവസ്ഥയെ വിണ്ടും ബഹുമാനപ്പെട്ട ഈ സഭയുടേയും ഗവണ്മെണ്ടിന്റേയും മുമ്പാകെ കൊണ്ടുവരുവാനുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു.

സർ, നമ്മുടെ നാട്ടിലെ താക്കോൽസ്ഥാനങ്ങളായ വലിയ ഉദ്യോഗങ്ങളിലും മറ്റു അതിപ്രധാനമായ സ്ഥാനങ്ങളിലും മുസൽമാന്മാർ അടക്കമുള്ള അവശതയനുഭവിക്കുന്ന സമുദായങ്ങൾക്കു ശരിയായ പങ്കു കൊടുക്കണമെന്നുള്ള മുറവിളി കൂട്ടിത്തുടങ്ങിയിട്ടു് അനേകം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതിനെപ്പറ്റി പറയുമ്പോൾ മുമ്പെല്ലാം ഗവണ്മെണ്ടിന്റെ വാദം അവരിൽ വിദ്യാഭ്യാസയോഗ്യതയുള്ളവരില്ല, അതുകൊണ്ടു ഞങ്ങൾ എന്തു ചെയ്യും എന്നായിരുന്നു. എനിക്കിന്നു സന്തോഷപൂർസ്സരം പറയുവാൻ സാധിക്കും, നമ്മുടെ പ്രസ്ഡണ്ടിന്റെ വലത്തുഭാഗത്തു് ഇരുന്നുകൊണ്ടു് ഈ സദോടപടികളെ ഇപ്പോൾ വീക്ഷിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ബഹുമാന്യാതിഥി കൊച്ചിയിലെ മുൻ ദിവാൻ, സർ ടി. വിജയരാഘവാചാരി നൽകിയ പ്രോത്സാഹനങ്ങൾകൊണ്ടു് എന്റെ സമുദായം വിദ്യാഭ്യാസത്തിൽ മുന്നോട്ട പോന്നിട്ടുണ്ടെന്നു്. അവർക്കു് ഉദ്യോഗത്തിന്റെ താക്കോൽസ്ഥാനങ്ങളിൽ അവർ അർഹിക്കുന്ന അവകാശം നൽകുകയും അതുവഴി സമുദായത്തിന്റെ വിദ്യാഭ്യാസത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു. അതാണു സിക്രട്ടറിയേറ്റിൽ സിക്രട്ടറിയുടെ അടുത്ത ഒരു ഒഴിവു വരുമ്പോൾ ഒരു മുസൽമാനു മുൻഗണന കൊടുക്കണമെന്നു ഞാൻ പറയുന്നതിന്റെ അർത്ഥം.

നമ്മുടെ സിക്രട്ടറിയേറ്റിൽ പല തരക്കാരായ ഉദ്യോഗസ്ഥന്മാരുണ്ടു്. ഉദാഹരണം പറയുകയാണെങ്കിൽ ആടിനെ പട്ടിയാക്കുന്ന വിധത്തിലും പട്ടിയെ പൂച്ചയാക്കുന്നവിധത്തിലുമുള്ള ചില ഉദ്യോഗസ്ഥന്മാർ ഇന്നു സിക്രട്ടറിയേറ്റിലുണ്ടു്. ഏതാണ്ടു് ഒരാഴ്ചക്കു മുമ്പായി ഒരു മുസൽമാനു കിട്ടേണ്ട സ്ഥാനം മറ്റുള്ള പ്രമുഖസമുദായത്തിലെ അംഗത്തിനു ആണു നൽകിയതു് എന്നുള്ള സംഗതിയും എനിക്കിവിടെ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും.

Rao Sahib P. V. Raphael *(Chief Secretary to Government):* Which is that appointment please?

Mr. P. A. Muhamed Ashrof *(Cranganur):* I am not referring to any appointment but with regard to a promotion.

Rao Sahib P. V. Raphael *(Chief Secretary to Government):* Which is that promotion where the claim of a Muslim was overlooked?

Mr. P. A. Muhamed Ashrof *(Cranganur):* I refer to the promotion of a Munsiff to District Judge.

Mr. President: Order, order. The Hon'ble Member's resolution refers to the Secretariat only.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. A. Muhamed Ashrof *(Cranganur):* I am citing instances where the claims of the Muslims have been overlooked.

Mr. President: The Hon'ble Member should confine his remarks to the Secretariat and not beyond it.

മിസ്റ്റർ മുഹമ്മദ് അഷ്റഫ്: ഗവൺമെണ്ടിന്റെ ഭരണകൂടമായ സിക്രട്ടറിയറ്റിൽതന്നെ ഇപ്രകാരം പലവിധത്തിലുള്ള അനീതികളും നടക്കുമ്പോൾ, അതെന്റെ സമുദായത്തിനു് അനുഭവപ്പെടുമ്പോൾ അതിനെ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരേണ്ടതു് എന്റെ ചുമതലയാണെന്നു് എനിക്കു ധൈര്യത്തോടുകൂടി പറയുവാൻ സാധിക്കും. ഇതെന്റെ സ്വരമല്ല, ഈ നാട്ടിലെ ഒന്നര ലക്ഷത്തോളമുള്ള മുസ്ലീംസമുദായത്തിന്റെ സംഘടിതമായ സ്വരമാണു് ഞാൻ ഇവിടെ പ്രകടമാക്കുന്നതു്. അവർ അവരുടെ അവശതാപരിഹാരത്തിനു വേണ്ടി ഒരു കൊടിക്കീഴിൽ സംഘടിച്ചുകഴിഞ്ഞു. ഇനി അവരെ വിഗണിക്കുവാൻ സാദ്ധ്യമല്ല. അവക്കു ശരിയായ സ്ഥാനമാനങ്ങളും ഗവൺമെണ്ടു നൽകാത്തപക്ഷം ആവക സ്ഥാനങ്ങൾ പിടിച്ചുപറവാൻ അവർ ശ്രമിക്കുകയല്ലാതെ ഗത്യന്തരമില്ല. അതിൽ അവർ ഒട്ടും പിന്തിരിയുകയില്ല. വേണ്ടിവന്നാൽ അവർ രക്തം വേണമെങ്കിലും ചൊരിയും. ബഹുമാനപ്പെട്ട ജനകീയമന്ത്രിമാർ ആ സ്ഥാനങ്ങളിൽ ഇരിക്കുന്നിടത്തോളം കാലം അവർ മുസൽമാൻമാരുടെ അവകാശങ്ങളെ അവഗണിക്കുകയില്ലെന്നു് എനിക്കു ധൈര്യമുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുകയും അവശതകളനുഭവിക്കുന്ന സമുദായത്തിൽപ്പെട്ട എന്റെ മാന്യസ്നേഹിതന്മാർ ഈ പ്രമേയത്തെ പിന്താങ്ങി സംസാരിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.

The House rose for lunch at 1-30 p. m. and re-assembled at 2-30 p. m. with Mr. L. M. Pylee, Deputy President in the Chair.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: മിസ്റ്റർ പ്രസിഡണ്ടു്, സർ, വികാരവിജൃംഭിതമായ ഹൃദയത്തിൽനിന്നു രൂപമെടുത്തു് ആവേശത്തോടുകൂടി മിസ്റ്റർ അഷ്റഫ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. അദ്ദേഹം തന്റെ സമുദായത്തോടുള്ള അളവറ്റ സ്നേഹത്തിന്റെ ഫലമായിട്ടായിരിക്കണം,—അല്ലെങ്കിൽ ഗവൺമെണ്ടു തന്റെ സമുദായത്തോടു ചെയ്യുന്ന അനീതിയിലുള്ള വെറുപ്പുകൊണ്ടായിരിക്കണം ഇത്ര ശക്തിയായ രീതിയിൽ സംസാരിക്കുവാൻ ഇടയായതു്. സമുദായപ്രാതിനിദ്ധ്യവാദം ഏതൊരു ജനകീയഭരണസിദ്ധാന്തത്തിനും അനുയോജ്യമായിട്ടുള്ള ഒന്നാണു്. അതു് ജനപ്രതിനിധിവാദതത്ത്വത്തിനും പ്രജായത്തഭരണസിദ്ധാന്തത്തിനും അനുയോജ്യമായിട്ടുള്ള ഒന്നാണു്. ഒരു സമുദായം അതിന്റെ ആവശ്യങ്ങളും പ്രദർശിപ്പിക്കുമ്പോൾ അതു സാഹസമായ ഒരു വാദമുഖമാണെന്നു വിചാരിച്ചു തള്ളപ്പെടാവുന്ന ഒന്നല്ല. പ്രജായത്തഭരണസിദ്ധാന്തമനുസരിച്ചു പ്രവർത്തിക്കുമ്പോൾ അതിൽ ഏതൊരു സമുദായത്തിനും വളരുവാനും വികസിക്കുവാനും അവസരമുണ്ടായിരിക്കണം. ഏതെങ്കിലും സമുദായത്തിൽപ്പെട്ട ആളുകൾക്കും ഉള്ളോടനും പറയണും ചെറുമനും എല്ലാം ഒരുപോലെ വളരുവാനും വികസിക്കുവാനും ഉള്ള ഒരു ഭരണതത്വമാണു പ്രജായത്തഭരണസിദ്ധാന്തമെന്നു പറയുന്നതു്.

ഈ നാട്ടിൽ മുസൽമാന്മാക്കു് ഒരു പാരമ്പര്യമുണ്ടു്. ഒരു മഹത്തായ ചരിത്രമുണ്ടു്. മുസൽമാൻമാരുടെ ഇന്നത്തെ നില നോക്കുകയാണെങ്കിൽ ഏറ്റവും ശോചൃമായ നിലവന്നുചേർന്നിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഭണ്ഡാരത്തെ വീർപ്പിക്കുവാൻ ഒരു വലിയ സംഖ്യ ഗവൺമെണ്ടിലേക്കു കൊടുക്കുന്നുണ്ടെങ്കിലും മുസ്ലീംസമുദായത്തെ ഈവക കാര്യങ്ങളിൽ വേണ്ടപോലെ പരിഗണിക്കുന്നില്ലെന്നു് എനിക്കു ധൈര്യമായി പറയുവാൻ സാധിക്കും. വിദ്യാഭ്യാസപരമായി നോക്കുകയാണെങ്കിൽ ഒരു പിന്നോക്കസമുദായത്തിന്റെ നിലമാത്രമാണു് ഇന്നു മുസ്ലീമങ്ങൾക്കു് ഉള്ളതു്. സാമ്പത്തികമായി നോക്കുമ്പോൾ മുസൽമാന്മാർ ഒരുപക്ഷെ അല്പം ഭേദമായ നിലയിൽ ആയിരിക്കാം. ഗവൺമെണ്ടുതന്നെ ഇപ്പോൾ മുസ്ലീമിങ്ങൾക്കു കൊടുത്തിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എടുത്തുകളഞ്ഞിട്ടുണ്ടു്. അഭ്യസ്തവിദ്യരായ മുസ്ലീമിങ്ങളിൽ അർഹതയുള്ളവരെ ഉദ്യോഗങ്ങളിൽ വെച്ചില്ലെങ്കിൽ വിദ്യാഭ്യാസത്തിൽ അവക്കുള്ള അഭിരുചി കുറയുവാനാണു് ഇടയുള്ളതു്. ഇതുവരെയും നടത്തിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചു നോക്കുന്നപക്ഷം മുസ്ലീമിങ്ങൾ ന്യായമായി അർഹിക്കുന്ന യാതൊരു ഉദ്യോഗങ്ങളിലും അവരെ നിയമിച്ചിട്ടില്ലെന്നു കാണുവാൻ സാധിക്കും. ആ ഒരു പരമാർത്ഥം മന

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സ്സിലാക്കിയതിന്റെ ഫലമായിട്ടാണ് ഇത്രയും വികാരപരമായ ആവേശത്തോടുകൂടി ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രമേയത്തെ ഇവിടെയുള്ള എല്ലാ മാന്യസാമാജികന്മാരും അനുകൂലിക്കുമെന്ന വിശ്വാസത്തോടുകൂടിയും ഈ കൌൺസിലിലുള്ള മറ്റെല്ലാ അവശസമുദായാംഗങ്ങളും ഇതു് അനുവദിച്ചുകൊടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടിയും ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഇതിന്റെ തത്വത്തോടു മാത്രമാണു ഞാൻ യോജിക്കുന്നതു്. ഈ പ്രമേയത്തിൽ കാണുന്ന മാതിരിയിൽ ഇതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. സിക്രട്ടറിയേറ്റ ഗവമ്മെണ്ടിന്റെ താക്കോൽസ്ഥാനമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അവിടെ ഓരോ സമുദായങ്ങളുടേയും പ്രതിനിധികൾക്കു് എത്തിച്ചേരുവാൻ സാധിക്കുമെങ്കിൽ അവക്കെല്ലാം ആ സമുദായങ്ങൾക്കു വേണ്ടി അവിടെയിരുന്നുകൊണ്ടു പല കാര്യങ്ങളും ചെയ്യുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : കൃസ്ത്യൻ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : ചിലക്കെല്ലാം അതിൽ ചില സംശയങ്ങളുണ്ടാകുമെങ്കിലും കാര്യങ്ങളുടെ നടത്തിപ്പു നോക്കുമ്പോൾ അങ്ങിനെയാണു കാണുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അതു കൊള്ളരുതായ്മയാണു്. അതു മാറണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: പ്രാതിനിദ്ധ്യമില്ലാത്തവക്കു് അവിടെ പ്രാതിനിദ്ധ്യം കൊടുക്കണമെന്നു പറഞ്ഞാൽ അതിനെ ആരും എതിർക്കുമെന്നു തോന്നുന്നില്ല. ഒന്നര ലക്ഷത്തോളംവരുന്ന മുസ്ലീം സമുദായത്തിനു സിക്രട്ടേറിയറ്റിൽ ഒരു സ്ഥാനം വേണമെന്നാവശ്യപ്പെടുന്നതുപോലെതന്നെ ഒന്നര ലക്ഷത്തോളം വരുന്ന അധഃകൃതർക്കും സിക്രട്ടറിയേറ്റിൽ ഒരു സ്ഥാനം കൊടുക്കണമെന്നു ഞങ്ങളും ആവശ്യപ്പെടുന്നു. അതുപോലെ മറ്റുള്ള സമുദായക്കാരും അവരവരുടെ പ്രാതിനിദ്ധ്യത്തിനു വേണ്ടി വാദിക്കുവാനുണ്ടാകും, അവരുടെ വാദവും ശരിയാണു്. പക്ഷെ ഇതു് എത്രമാത്രം സാധ്യമാകും? പ്രാതിനിദ്ധ്യം കിട്ടാത്തവക്കു് അവിടെ പ്രാതിനിദ്ധ്യം കൊടുക്കുവാനുള്ള ഒരു നയം ഗവമ്മെണ്ടു സ്വീകരിക്കണം. സ്റ്റാഫ് സെലക്ഷൻ ബോർഡു് നിയമനമനുസരിച്ചു് ഈവക സ്ഥാനങ്ങളും അവശസമുദായങ്ങൾക്കു ലഭിക്കുവാൻ സാധ്യമല്ല. നമ്മുടെ ഉദ്യോഗങ്ങളും ഉണ്ടാകുമ്പോൾ എല്ലാ സമുദായങ്ങൾക്കും ശരാശരി വീതിക്കാവുന്നതാണു്. സിക്രട്ടറിമാരുടെ സംഖ്യ പരിമിതമായതുകൊണ്ടു റൊട്ടേഷൻ അനുസരിച്ചു് ആ ഉദ്യോഗങ്ങളും ലഭിക്കുവാൻ സാധ്യമല്ല. അങ്ങിനെ വീതിക്കുകയാണെങ്കിൽതന്നെയും സിക്രട്ടറിമാരുടെ ഉദ്യോഗങ്ങളും കാലും അരയും മറ്റുമായിരിക്കും. അതെപ്പോഴും മുഴുവൻതന്നെയായിരിക്കണം. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അവതാരകൻ ചെയ്ത പ്രസംഗത്തിൽകേട്ടതുപോലെ ബ്രിട്ടീഷിൻഡ്യൻ പ്രവിശ്യകളേയും മറ്റു ചില നാട്ടരാജ്യങ്ങളേയും അപേക്ഷിച്ചു് ഇവിടെയുള്ളവർ തമ്മിൽ യോജിച്ചു് അനുകൂലമായി പോകണമെന്നു് അഭിലഷിക്കുമ്പോൾ ഇവിടെ ബങ്കാളിലൊ ബോംബെയിലൊ ഉണ്ടായ മാതിരി രക്തച്ചൊരിച്ചിൽ ഒന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അധികം ചൊരിച്ചിൽ ഉണ്ടായാൽ വെട്ടിക്കളയുകയേ വേണ്ടൂ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : ഇതിനു രക്തച്ചൊരിച്ചിലൊന്നുംകൂടാതെതന്നെ നിയമംകൊണ്ടു സാധിക്കാവുന്നതാണു്. ഇതു നമ്മുടെ ഗവമ്മെണ്ടു് അംഗീകരിക്കുവാനും ഇടയുണ്ടു്. അതായതു്, പ്രാതിനിദ്ധ്യമില്ലാത്ത സമുദായക്കാക്കു സിക്രട്ടറിയേറ്റിൽ സിക്രട്ടറിമാരുടെ സ്ഥാനങ്ങളും ഒഴിവു വരുമ്പോൾ മുൻഗണന കൊടുക്കുമെന്നുള്ള തത്വം. ആ തത്വം സ്വീകരിക്കുവാൻ ഗവമ്മെണ്ടു വിസമ്മതിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു പ്രാതിനിദ്ധ്യമില്ലാത്തവക്കു പ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ള തത്വം ഗവമ്മെണ്ടു് അംഗീകരിക്കണമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ പറമ്പി ലോനപ്പൻ: സർ, ഞാൻ ഈ പ്രമേയത്തെപ്പറ്റി സംസാരിക്കണമെന്നു വിചാരിച്ചിരുന്നില്ല. പക്ഷെ, തന്റെ കക്ഷിയിൽപെട്ട എന്റെ സ്നേഹിതൻ മിസ്റ്റർ അഹമ്മദിന്റെ പ്രസംഗത്തിന്റെശേഷം രണ്ടു് വാക്കു പറയണമെന്നു എനിക്കു തോന്നി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ അതിൽ ചിലക്കു് ചില തെറ്റിദ്ധാരണകൾക്കു കാ

LIBRARY ARCHIVES Kerala Legislative Assembly

രണമായിട്ടുണ്ട്". പിടിച്ചുപറിക്കും, അട്ടഹസിക്കും, അട്ടഹസിച്ചാൽ നമുക്ക് കിട്ടും എന്നെല്ലാം ഇവിടെ പറയുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അട്ടഹസിച്ചിട്ട കിട്ടിയില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് മനസ്ഥിതി നന്നായതുകൊണ്ടു കിട്ടി. പിടിച്ചുപറിക്കും എന്നു പറഞ്ഞാലൊന്നും കിട്ടുവാനിടയില്ല. കൂടാതെ ഉദ്യോഗലബ്ധിക്കുവേണ്ടി രക്തച്ചൊരിച്ചിൽ ഉണ്ടാകും എന്നു പറഞ്ഞാൽ അതു കുറെ സാഹസമാണ്. നമുക്ക് കിട്ടേണ്ട ന്യായമായ ഉദ്യോഗങ്ങൾ തരുവാൻ നമ്മുടെ മഹാരാജാവ് തിരുമനസ്സുകൊണ്ടും ഗവമ്മെണ്ടും തയ്യാറാണ്. അഥവാ അങ്ങിനെ കിട്ടിയില്ലെങ്കിൽതന്നെയും രക്തച്ചൊരിച്ചിൽകൂടാതെ കഴിച്ചാൽകൊള്ളാമെന്നു് എനിക്ക അഭിപ്രായമുണ്ട്. എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളവും അവകാശം കിട്ടേണ്ടകാര്യത്തിൽ എനിക്കും പലതും പറയുവാനുണ്ട്. പക്ഷെ അതൊന്നും ഇപ്പോൾ പറഞ്ഞിട്ടു കാര്യമില്ല. പറയാതെതന്നെ അവർ ചെയ്യും. അങ്ങിനെ ചെയ്യുമെന്ന സംശയം തോന്നിയാൽ വേണമെങ്കിൽ അട്ടഹസിച്ചുകൊള്ളുക, രക്തം ചൊരിയാതിരുന്നാൽ കൊള്ളാമെന്നു് മാത്രമേ എനിക്ക പറയുവാനുള്ളു.

മിസ്റ്റർ പി. ടി. ജേക്കബ്: സർ, "ഏതെങ്കിലും ഒരൊഴിവു സിക്രട്ടറിയേറ്റിൽ ഉണ്ടായാൽ അതു് മുസ്ലീമിനു മാത്രം കൊടുക്കുന്നതിനു തിരിച്ചുവെക്കണം" എന്നു് ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതിനോടു യോജിക്കുവാൻ എനിക്കൊരുവിധത്തിലും നിവൃത്തിയില്ല. ഏതൊരു സമുദായത്തിനാണൊ അതു ന്യായമായി കിട്ടേണ്ടതു്, ആ സമുദായത്തിൽപ്പെട്ട പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടിന്റെ കീഴിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവക്കതു കിട്ടുവാൻ അവകാശമുണ്ടു്, അവക്കതു കൊടുക്കയും വേണം. അവക്കതു കൊടുക്കണമെന്നു് ആവശ്യപ്പെടാതിരിക്കുവാൻ നിവൃത്തിയില്ല. അതായിരിക്കണം ഈ പ്രമേയത്തിന്റെ തത്വമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഞാൻ ലത്തീൻ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആളാണ്. ഞാൻ ഇവിടെ വന്നിട്ടുള്ളതു് ആ സമുദായത്തിൽപ്പെട്ടവരുടെ വോട്ടുകൊണ്ടു് മാത്രമായിരിക്കാം. അതുകൊണ്ടു് ആ സമുദായത്തിൽപെട്ടവക്കു് ഉദ്യോഗം കൊടുക്കുവാൻ പാടുള്ള എന്നു ഞാൻ വാദിക്കുന്നതു ഒരിക്കലും ആശാസ്യമായിട്ടുള്ളതല്ല. ഞാൻ അതിനു ഒരുക്കവുമില്ല. എല്ലാ സമുദായങ്ങളുടേയും കാര്യങ്ങൾ ഒരുപോലെ വകവെച്ചു കൊടുക്കുവാൻവേണ്ടിയുള്ള ഗവമ്മെണ്ടായിരിക്കണം നമുക്ക് വേണ്ടതു് എന്നാണ് എനിക്ക് പറയുവാനുള്ളതു്. ഉദ്യോഗവിതരണ സമ്പ്രദായത്തിൽ ചില കുഴപ്പങ്ങൾ ഉണ്ടെന്നു പറഞ്ഞിരിക്കുന്നതു് വാസ്തവമാണ്. ചിലപ്പോഴെല്ലാം ചില സ്ഥാനങ്ങളിലേക്ക് ആളുകളെ കയറ്റുന്ന സമ്പ്രദായത്തിൽ ഗവമ്മെണ്ടു് ചില നടപടികൾ എടുത്തുകാണാറുണ്ടു്. അതെല്ലാം കാര്യക്ഷമതയുടെ പേരിൽ ചെയ്യുന്നതായിട്ടാണ് ഗവമ്മെണ്ടു പറഞ്ഞുകാണുന്നതു്. ഒരാൾ ഒരു ഡിപ്പാർട്ടുമെണ്ടിലിരുന്നു് അദ്ദേഹത്തിന്റെ പ്രവൃത്തി ശരിക്കു നടത്തുന്നുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ പേരിൽ യാതൊരു ആക്ഷേപവും ഇല്ലെങ്കിൽ, അദ്ദേഹത്തിനു അഞ്ചൊ, പത്തൊ കൊല്ലം സർവ്വീസുണ്ടെങ്കിൽ, അങ്ങിനെയുള്ള ആൾക്കു് ഇങ്ങിനെയുള്ള സ്ഥാനങ്ങളിൽ കയറിയിരിക്കുവാൻ കാര്യക്ഷമതയുടെ പേരിൽ, അവരുടെ സമുദായത്തിന്റെ നിലകൊണ്ടു് സാധിക്കുന്നില്ലെങ്കിൽ—അതാണു് ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു്—അങ്ങിനെയുള്ള ആളുകൾക്കു് അതു കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. ആവകസ്ഥാനങ്ങൾ പ്രത്യേകിച്ചു് ചില ആളുകൾക്കു് മാത്രമുള്ളതല്ല. സെക്രട്ടറിയേറ്റിൽ ൪൦ മുതൽ ൫൦ രൂപാ വരെ ശമ്പളമുള്ളതായി ഏതാണ്ടു് ൫൨ പേരൊ മറ്റൊ ഉള്ളതായിട്ടാണ് സിവിൽ ലിസ്റ്റിൽ കാണുന്നതു്. അതിൽ ഈവക ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കുന്നവർ ഏതാണ്ടു് എട്ടൊ, പത്തൊ പേർ മാത്രമാണ്. അപ്പോൾ ഒന്നര ലക്ഷത്തോളം വരുന്നവക്കൊ ഒന്നേകാൽ ലക്ഷത്തോളം വരുന്നവക്കൊ ഈ എട്ടുപത്തു പോസ്റ്റുകളും എങ്ങിനെ വീതിച്ചാലും ശരിയായ വീതം കിട്ടുവാൻ പ്രയാസമാണ്. എന്നാൽ ഈ സമുദായത്തിൽപ്പെട്ട യോഗ്യതയുള്ളവരെ തട്ടിനീക്കികൊണ്ടു ചിലർക്കു് കയറിപ്പോകുവാൻ അനുവദിക്കുന്ന ഇന്നത്തെ നില മാറണം; സ്വീനിയോരിറ്റി ക്രമത്തിൽ ഒരോരുത്തർക്കും ഉള്ള ശരിയായ അവകാശം കിട്ടുവാനുള്ള സൌകര്യം ഉണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. സമുദായത്തിന്റെ പേരിൽ ആവേശത്തോടുകൂടി പ്രസംഗിച്ചതുകൊണ്ടൊ രക്തംചൊരിക്കും എന്നൊക്കെ പറഞ്ഞതുകൊണ്ടൊ ഒന്നും കിട്ടുകയില്ല. രക്തം ചൊരിച്ചിട്ടു കിട്ടുന്ന അവകാശവും, ചൊരിക്കാതെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കണ്ട് സൻമനസ്സോടുകൂടി തരുന്ന അവകാശവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. അവകാശങ്ങൾ കിട്ടുവാനായി നവകാളിയേയൊ പാറ്റ"നായേയോ നോക്കുന്നതിൽ ഭേദം വിദ്യാഭ്യാസം ഉണ്ടെന്നഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ നമുക്ക സന്മനോഭാവത്തോടുകൂടിയും വിട്ടുവീഴ്ചയോടുകൂടിയും പ്രവൃത്തിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ ഈ നാട്ടിലെ വിദ്യാഭ്യാസത്തിന്റെ ഗതിയെന്താണെന്നാണ് ഞാൻ ചോദിക്കുന്നത്. (ഹിയർ, ഹിയർ) നമ്മുടെ നാട്ടിൽ കലാപരമായും മറ്റു വിധത്തിലും വിദ്യാഭ്യാസം സിദ്ധിച്ചവർ ധാരാളമുണ്ട്. നാഗരികതയിൽ നാം മുന്നണിയിലാണ് എന്നെല്ലാം പറഞ്ഞുകൊണ്ട് രക്തം പൊരിക്കും എന്നൽഘോഷിക്കുന്നത ശരിയാണോ? അത്ര വലിയ പഠിപ്പൊന്നുമില്ലാത്ത എനിക്കും അങ്ങിനെ ചെയ്യാതെ സാധിക്കുമെന്ന ബോദ്ധ്യമുണ്ട്. നമ്മുടെ കായ്ങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ മറ്റു പല വഴികളുമുണ്ട്. ഇവിടെത്തന്നെ ചിലപ്പോഴെല്ലാം എന്റെ മാന്യ സ്നേഹിതന്മാർ പറയാറുള്ള മരപ്പട്ടകൾക്കുള്ളിൽ നമ്മുടെ ആളുകൾക്കിരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ കായ്ങ്ങൾ നമുക്ക് സമാധാനപരമായ മാർഗ്ഗങ്ങളിൽ ലഭിക്കുവാൻ വിഷമമുണ്ടാകയില്ല. ജനങ്ങളുടെ ആവശ്യങ്ങൾ നല്ലപോലെ അറിഞ്ഞുകഴിഞ്ഞിട്ടുള്ളവരാണ് അവർ. കക്ഷികളെയൊ സമുദായങ്ങളേയൊ ഭിന്നിപ്പിച്ചു നിർത്തുന്ന ഒരു ഭരണകൂടമാണ് ഇവിടെ ഉള്ളതെങ്കിൽ പക്ഷെ രക്തച്ചൊരിച്ചിൽ ഉണ്ടാകുമെന്നും മറ്റും പറയുന്നതിന്ന അർത്ഥമുണ്ട്. നമ്മുടെ അവകാശങ്ങൾ നമുക്ക ന്യായമായികിട്ടും. സിക്രട്ടറിയേറ്റിൽതന്നെയല്ല മറ്റു ഏതൊരു ഡിപ്പാർട്ടുമെണ്ടിലും അല്പതന്നെയാണ് ഇന്നത്തെ നില. ഞാൻ ലത്തീൻ ക്രസ്ത്യൻ ഹെഡ്ഡായിട്ടുള്ള ഡിപ്പാർട്ടുമെണ്ടിന്റെ നിയമന ലിസ്റ്റ് എടുത്തുനോക്കിയതിൽ അതിനുള്ളിൽ ഒരു ലത്തീൻ ക്രസ്ത്യനെ വെച്ചതായിട്ടൊ വെക്കുവാൻ ശുപാർശ ചെയ്തതായിട്ടൊ കാണുന്നില്ല. ഡിപ്പാർട്ടുമെണ്ടു് മേലധികാരികളും സമുദായത്തിന്റെ നിലയിൽ പ്രവർത്തിക്കാത്ത മനോഭാവത്തോടുകൂടിയവരായിരിക്കണം. സാമുദായിക നോട്ടം അവർക്കുണ്ടായിരിക്കുവാൻ പാടില്ല. അവരുടെ സമുദായത്തിന്നും കിട്ടേണ്ട അവകാശങ്ങൾ കിട്ടണം. അതു കൊടുക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ട്. പൊതുവായി പറയുകയാണെങ്കിൽ ജനസാമാന്യത്തിന്റെ ക്ഷേമത്തിന്നുവേണ്ടി പ്രവൃത്തിക്കുവാൻ സന്നദ്ധതയുള്ളവരായിരിക്കണം ഡിപ്പാർട്ടുമെണ്ടു് മേലധികാരികളും. അങ്ങിനെ ജനക്ഷേമത്തിന്നുവേണ്ടി പ്രവർത്തിക്കുന്നവരെ കായ്ക്ഷമതയുടെ പേരിൽ ഒഴിച്ചു നിറുത്തരുത് എന്ന മാത്രമാണ് എനിക്ക ഈ പ്രമേയത്തിലെ മൌലികതത്വത്തെ അനുകൂലിച്ചുകൊണ്ട് ഇവിടെ പറയുവാനുള്ളത്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, my sense of duty to the public of Cochin compels me, to intervene in the debate at this juncture on this useless (കൊള്ളരുതാത്ത) Resolution. എന്തിനാണിങ്ങിനെ കൊള്ളരുതാത്ത റസലൂഷനുംകൊണ്ടു പുറപ്പെട്ടിരിക്കുന്നത്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: സർ, കൊള്ളരുതാത്ത.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* I refuse to give way, I refuse to give way.

Mr. Deputy President: Does the Hon'ble Member want to make any remark.

Mr. P. A. Muhamed Ashroff *(Cranganur):* He made a very wrong statement that it is a "കൊള്ളരുതാത്ത" resolution. He should be asked to withdraw that statement.

Mr. Deputy President: The Hon'ble Member will continue his speech.

Mr. P. Kumaran Ezhuthassan *(Vadakkancheri):* And with your leave, Sir, I repeat the statement.....

Mr. M. K. Raja *(Mulakunnathukavu):* Sir, it is unparliamentary for any Member to refer to a resolution being discussed in the House as "കൊള്ളരുതാത്ത". The Hon'ble Member may therefore, be asked to withdraw the expression.

Mr. Deputy President: The word "കൊള്ളരുതാത്ത", I do not think, is unparliamentary

Mr. P. Kumaran Ezhuthassan *(Vadakkancheri):* With your leave, Sir, I crave the indulgence of my esteemed friend like the Hon'ble Member representing Mulankunnathukavu who raised a point of order in succession to the Hon'ble Mover.....

Mr. Deputy President: The Hon'ble Member will speak on the resolution.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

*Mr. P. Kumaran Ezhuthassan *(Vadakkancheri):* I repeat, Sir, that a useless resolution is before the House and that is the reason why I am on my legs. The resolution, as it is worded, can only be characterised as useless. The reason, Sir, is that I wanted to be just to every member of this House and to every community among His Highness's Subjects and hence I used the word "കൊള്ളരുതാത്ത" in Malayalam. Now, Sir, what is the resolution? "This Council recommends to Government that the claims of the Muslim Community should be considered and brought into effect when the next vacancy of a Secretary arises in the Secretariat." Although worded with a large amount of going about like that, the purpose of the resolution is that when the post of the Secretary falls vacant in the Secretariat that moment a Muslim must be appointed. That is the essence. Can I characterise, Sir, a resolution of that sort as anything other than the word with which I characterised it. Can a member of this House who is the representative of the people of the country make a demand in the name of his community though he represents his community by reservation. When he makes such a representation to the House, can the whole of this House be a party to it, because that was the exhortation with which he moves the motion. He made an appeal, a fervent appeal, followed by "Sheding of blood" and all that. I heard, Sir, another member supporting the resolution and praying that it may be accepted in the way in which it is worded. The attitude that was adopted by an Hon'ble Member of the House who spoke subsequently shows the nature of the resolution in which I characterised it on which points of order were raised. There are reasons. In the budget session, Sir, the way in which, the angle from which this proposition would have been looked at would have been different from the angle from which I was pleased to see this proposition was viewed by some of my esteemed friends who now happened to be in the Ministerialist Party. Now, Sir, it was stated by the Hon'ble Mover and another that the demand is in the name of one and a half lakhs of Muslims, a section of His Highness subjects. Certainly they have a right to claim representation at a proper time and when there are competent, qualified—not only qualified by the degrees of the University, not only qualified with the special test examinations that are prescribed for the various posts to be held under Government, but competent also in addition to these. These conditions, when satisfied, this community in whose name this proposition is made here as also any other community whether unrepresented, belonging to the backward community or to the most forward community wherever that be, the claims must be recognised. And I assert, Sir, that has not been done by the Government. Sir, as far as unrepresented communities are concerned, the rules that are generally applied to other communities must certainly be relaxed. That is as far as communities not properly represented who had not the benefit of Higher education for various reasons for part of which they may be responsible and for a large part of it the community may not be responsible. I would take this opportunity to see that representation, proper representation is given to every community, backward and unrepreseted just like the community of my friend sitting there as also that of mine. I stress before the Government and demand of the Government that representation, due representation, proper representation mut be given to everyone of them. If the proposition before the House were, Sir, the one that I deseribed and not the one which I described earlier, I would have jumped at getting the opportunity to support the resolution. But now I am constrained to oppose it for the wording bacause the essence of the resolution is that when the vacancy of a secretary, junior, deputy, assistant and all that, falls vacant, that must be given to a Muslim. Such a resolution, Sir, I very humbly inform the Hon'ble Mover, I do not find my way to support. He shoul not taked me amiss when I say that I constrained to oppose it in the form in which it now is. Here is a typed list, not guesses or conjectures or anything like that. Here is a typed list which gives the total service of 12 persons, where they were on the 1st Chingam 1121, and particulars like that. I am not got going to disclose it to you; I close it even now. It is a revealing picture which shows that in the name of this community or in the name of that community, communities which are similarly situated whose claims have been overlooked not once or twice but many times. I am not referring to the community to which the Hon'ble mover belongs. Not that their claims have not been overlooked. This list contains two names from that community. In one case the claims have been overlooked and in the other the claims overlooked mercilessly. Now, Sir, that is the sort of mischief that is being done. That being so, Sir, the Government must see to it. My present appeal is not to the Government of July 1946 but the Government subsequent to 9th October 1946. From the discussion in the House it is seen that the Government of today is not behaving like the Government of yesterday and hereafter let it not be said that the secretariat is the key position.

*Speech not corrected by the Hon'ble Member.

Mr. P. A. Mohammed Ashrof *(Cranganur):* Let there be a change in the length of your speech also.

Mr. P. Kumaran Ezhuthassan *(Vadakkancheri):* That is because of the unhappy interventions and it has been my lot always. Now to continue my point, let such things be rectified as far as possible, and let not such a thing be done by them, by our representatives of whom we are proud. We demand it, no demand, we expect it of you. And if my learned friend here has used the word "ചരിത്രപരമായ", etc., he has only borrowed a leaf from the slogans that were in the streets of Ernakulam another day, which, of course, we know, what it is. It was not as a result of this that His Highness the Maharaja was pleased to give us what we wanted—a precedent, a wrong precedent for which we will be only sorry. With these few words and along with the other Member of the Ministerialist party who has accepted the principle and not the wording, I support the principle of the resolution and demand that justice be done to every community

Rao Sahib P. V. Raphael *(Chief Secretary to Government):* Sir, my first task will be to disprove the remarks made by some of the Hon'ble Members about the Secretariat staff. They were saying that the Secretariat staff can make dogs of cats meaning thereby that they are doing things as they like to gain their own objects. That is the first misconception that I want to clear. It is far from truth. If I say, it is far from truth it is likely that it may be said I am a Secretariat man myself and I am saying it to protect myself. I will take to prove my statement the remarks that have been made by Hon'ble Ministers who have adorned the Government benches. Dr. A. R. Menon who had been our Minister for a long time has given in unqualified terms, a very high praise about the meritorious and efficient work that the Secretariat staff is doing. I suppose the Ex-Minister Mr. Parambi Lonappen also made a similar statement about the Secretariat staff. I do not propose just now to say, how our present Ministers feel about the Secretariat staff, the honest, the straight forward and efficient way in which they are discharging their work. It was also said that the Secretariat is a key position; the Secretariat staff enjoys an enviable position and all that. I have had experience in the secretariat for well nigh two decades and I never found that the Secretariat staff is enjoying a very enviable lot at all. Probably in the matter of emoluments; it may be slightly better than some of the subordinate offices; but in point of work or in point of responsibility or heaviness of their duties, I must submit to this House, Sir, that the Secretariat staff has a hard lot, generally, leave alone the Secretaries. The staff, I say, have got to do a lot of work, hard work. They are requisitioned at midnight to attend to some file or other. That is the position of the Secretariat staff. Hon'ble Members may rest assured that they are not enjoying a very enviable or a very covetous position. Now about the principle of appointments in the Secretariat, if the Hon'ble Members have cared for a moment to go through the civil list, it will be seen that His Highness' Government have always been very impartial towards all communities to give them jobs in the Secretariat also. You will find that there all communities are represented.

Mr. P. K. Dewer *(Nominated):* Can you ever cite an instance when such statements are not repeated?

Rao Sahib P. V. Raphael *(Chief Secretary to Government):* I am giving you facts and figures. It migt have been said before; how can facts be proved without figures. If you look into the Secretariat staff you will find that we employ all classes and communities Probably, I am not sure, the one community that has not yet been represented is from the Depressed Classes. I think, we have not yet been fortunate enough to get one from that community for appointment. I am not sure; this is subject to correction. The backward communities, the Muslims, the Ezhuvas, the Christians, the Nairs have all been very generously represented.

In regard to the resolution in point, it will be very unjust if any member of this House were to ask Government to appoint a particular person of his community in the next vacancy of the Secretary. I am in full sympathy with the resolution taken for discussion in this House today and I wish it could be done too, but I must submit, Sir, that there are various factors which militate against the acceptance of this resolution. For one thing efficiency or seniority or both have got to be considered. If you look to the lists of the Muslims in the Service, you will find, Sir, no person from the Muslims who has got much of seniority for appointment to any of these posts. I do not say that for giving representation to the minority community, seniority should always be looked into, to the same extent as in the case of other communities.

Mr. P. A. Muhamad Ashrof *(Cranganur):* May I take it that the statement of the Hon'ble Government Secretary is that there is no Muslim capable of being appointed.

Rao Sahib P. V. Raphael *(Chief Secretary to Government):* I do not refer to capacity, I was only referring to seniority.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. A. Mohammed Ashrof *(Cranganur):* May I know whether there is no Muslim more sen or than the Secretaries now occupying the position as Secretaries.

Rao Sahib P. V. Raphael *(Chief Secretary to Government):* I doubt if there are. I am not sure. They have been there by regular promotion after waiting for a long number of years. If you want, take my case, I have got 27 years service. Similarly also the other Secretaries. You will find they have also had a large number of years' service.

Mr. P. K. Dewer *(Nominated):* Are you going at that length to give the service of all the persons there?

Rao Sahib P. V. Raphael *(Chief Secretary to Government):* It is not possible; but I can say, so far as I remember, many of them have got a large number of years' service.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: റഗുലർ പ്രമോഷൻ വരുമ്പോൾ തൽസമയത്തു മുസ്ലിമിങ്ങളിൽ ആരെയെങ്കിലും മറ്റു ഡിപ്പാർട്ടുമെന്റിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ?

Rao Sahib P. V. Raphael *(Chief Secretary to Government):* Except on the request of a Muslim Member who has been transferred to the District Magistrate's Court as Head Clerk there hasbeen none. In spite of my admonition he himself selected the post. I, who was then the Joint Secretary, advised him and in spite of that he took it.

Mr. P. K. Dewer *(Nominated):* There are other instances also. Don't try to hoodwink us.

Rao Sahib P. V. Raphael *(Chef Secretary to Government):* Yes, it is impossible to hood wink you, so that, Sir, if we make appointment of Secretaries over the heads of others who have done very hard work, not only in the Secretariat but in the service as a whole for a long number of years, it will be rather unjust and unfair also. When I said that I should not be understood to mean that some sort of preference should not be given to the Muslims and other communities. They deserve it and I can well understand though I do not approve of the sentiments expressed by the Hon'ble Mover of this resolution. Even without that, Sir, I should submit to this House that the Muslim community has been favoured by Government.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: മറ്റു ഡിപ്പാർട്ടുമെന്റിൽനിന്നു ഡയറക്ടറായിട്ടു സിക്രട്ടറിയേറ്റിൽ സിക്രട്ടറിയായിട്ടോ അസിസ്റ്റാണ്ടു് സിക്രട്ടറിയായിട്ടോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

റാവു സാഹിബ് പി. വി. റാഫേൽ: ഉണ്ടു്.

Mr. P. Mohammed Ashrof *(Crangannur):* I question that.

Rao Sahib P. V. Raphal *(Chief Secretary to Government):* You question and I will give you instances. They have been generously favoured by Government and it is consistent with the policy that the Government have always adopted. And I am positive that this policy will be pursued by His Highness' Government. In the resolution, it has been put that in the next vacancy of the Secretary, a Muslim has got to be appointed, and it cannot be accepted by the Government. Hence I oppose the resolution.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ ഇതിനെ പിൻതാങ്ങിക്കൊണ്ടു് സംസാരിച്ച മെമ്പർമാർക്കു് പല സംഗതികളിൽ പല തെറ്റിദ്ധാരണകളും ഉളവായിട്ടുണ്ടെന്നു് കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വം ഗവൺമെണ്ടു് സ്വീകരിക്കണമെന്നും സിക്രട്ടറിയേറ്റിൽ മാത്രമല്ല ഗവൺമെണ്ടിന്റെ മറ്റു താക്കോൽ സ്ഥാനങ്ങളിലും മുസൽമാന്മാർക്കും മറ്റു അവശസമുദായക്കാർക്കും ശരിയായിട്ടു പങ്കു കൊടുക്കാത്ത പക്ഷം അവർക്കു് അവരുടെ അവകാശങ്ങൾ പിടിച്ചുപറ്റുവാൻ ഗവൺമെണ്ടുതന്നെ അവസരം ഉണ്ടാക്കിക്കൊടുക്കുകയായിരിക്കും ചെയ്യുന്നതു് എന്നാണു് ഞാൻ പറഞ്ഞതു്. എല്ലാ സമുദായങ്ങൾക്കും സിക്രട്ടറിയേറ്റിലും മറ്റു വകുപ്പുകളിലും ശരിയായ പങ്കു് കൊടുക്കുന്നപക്ഷം അതു് ഇവിടത്തെ ഭരണത്തിനുതന്നെ ശരിയായിട്ടുള്ള ഒരഭിമാനമായിരിക്കും. അതുകൊണ്ടു് മുസ്ലിമിങ്ങൾ ഉൾപ്പടെയുള്ള അവശസമുദായങ്ങൾക്കു് അവരുടെ ശരിയായ അവകാശങ്ങൾ വകവെച്ചു കൊടുക്കുകയായിരിക്കും നല്ലതു് എന്നാണു് ഞാൻ പറഞ്ഞതു്. ഞാൻ ഒന്നുകൂടി ചോദിക്കട്ടെ. എന്തുകൊണ്ടു് സിക്രട്ടറിയേറ്റിൽ മുസ്ലിമിങ്ങൾ അടക്കമുള്ള അവശ സമുദായങ്ങൾക്കുള്ള പങ്കു് പ്രത്യേകമായി കൊടുത്തുകൂടാ? കേവലം ന്യൂജഡ്ജിമാരുള്ള ഹൈക്കോടതിയിൽ ഒന്നു കൂ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനിക്കും മറ്റൊന്നു സവർണ്ണസമുദായത്തിലുള്ള ഒരംഗത്തിന്നും കൊടുക്കുന്ന ഒരു സമ്പ്രദായം നിയമംമൂലവും മറ്റും ഇവിടെ നടത്തികൊണ്ടിരിക്കുമ്പോൾ എന്തുകൊണ്ടു് കേവലം അഞ്ചോ എട്ടോ പത്തോ പേർ മാത്രമാണെങ്കിലും സിക്രട്ടറിയേറ്റിൽ ഒരു മുസൽമാന്നു് ഒരു സ്ഥാനം കൊടുത്തുകൂടാ എന്നാണു് ഞാൻ ചോദിക്കുന്നതു്.

റാവുസാഹിബു് പി. വി. റാഫേൽ: അതിന്റെ കാരണം ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞുവല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: വേണമെന്നതോന്നിയാൽ കൊടുക്കുവാൻ സാധിച്ചേക്കും.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: സിക്രട്ടറിയേറ്റിലും മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും ഒരു മുസൽമാന്റെ ശരിയായ അവകാശം നൽകേണ്ട ഘട്ടം വരുമ്പോൾ പ്രാപ്തിപോരാ, കാര്യക്ഷമതയില്ല എന്നും മറ്റുമുള്ള മുടന്തൻ ന്യായങ്ങൾ പറഞ്ഞു് അവരുടെ അവകാശത്തെ അവഗണിക്കയാണു് പതിവു്.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: ഇതു് രണ്ടുമില്ലെങ്കിൽ സീനിയോറിട്ടിയില്ല എന്നു പറയും. ഇതാണു് ഇന്നത്തെ നില എന്നാണു് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു്. ഈ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചാൽ മതി. മുസൽമാന്നും മറ്റു അവശസമുദായങ്ങൾക്കും താക്കോൽ സ്ഥാനങ്ങളിൽ ശരിയായിട്ടുള്ള പങ്കു് കൊടുക്കണമെന്നാണു് ഇതിലെ തത്വം. ഈ തത്വം സ്വീകരിക്കണമെന്നു് ഞാൻ സഭയോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഇനി ഇതിനെ സംബന്ധിച്ചു് എനിക്കു രണ്ടുവാക്കു് പറയുവാനുള്ളതു് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മെമ്പറോടാണു്. അദ്ദേഹം യൂസ്സസ്.....

Mr. P. Kumaran Ezhuthasan *(Vadakkancheri)*: I have never said, a useless member but a useless resolution.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: എന്റെ പ്രമേയം യൂസ്ലസ് എന്നു പറയുവാൻ ബഹുമാനപ്പെട്ടമെമ്പർക്കു് ധൈര്യമുണ്ടായെങ്കിൽ അദ്ദേഹം പറഞ്ഞതു മുഴുവനും യൂസ്ലസ് എന്നു പറയുവാൻ എനിക്കും അവകാശമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു് സമ്മതിച്ചു.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: ഈ സഭയുടെ ആവിർഭാവകാലം മുതൽ ഇവിടെ മെമ്പറായിരിക്കുന്ന ഇത്രയും വയസ്സായ ഒരു മാന്യനിൽനിന്നു് ഇങ്ങിനെ ഒരു അഭിപ്രായം വന്നിട്ടുണ്ടെങ്കിൽ ആ മനസ്ഥിതിതന്നെയാണു് എന്നേയും ഈ സ്റ്റേറ്റുമെൻറു പുറപ്പെടുവിക്കുവാൻ പ്രേരിപ്പിച്ചതു്. അതുകൊണ്ടാണു് ഞങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഞങ്ങൾ വാദിക്കുന്നതെന്നു മനസ്സിലാക്കണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഞാൻ പറഞ്ഞതു് എന്താണെന്നുകൂടി മനസ്സിലാക്കണം, അതിനുള്ള തലച്ചോറു വേണം.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: തലച്ചോറില്ലാത്തതുകൊണ്ടാണല്ലൊ ഞങ്ങളുടെ നിസ്സാരമായ ഈ അവകാശത്തെപ്പോലും എതിർക്കുന്നതു്? എന്റെ സമുദായത്തിന്റെ അവശതകളെ സംബന്ധിച്ചു ഈ സഭയിൽ വാദിക്കുമ്പോൾ അതു കൊള്ളരുതാത്തതാണെന്നു ആരെങ്കിലും പറയുന്നുവെങ്കിൽ എനിക്കും മറ്റു സമുദായങ്ങളുടെ അവകാശവാദങ്ങൾ വരുമ്പോൾ കൊള്ളരുതാത്തതാണെന്നു പറയുവാൻ സാധിക്കും. എല്ലാസമുദായങ്ങൾക്കും അവർ അർഹിക്കുന്ന അവകാശങ്ങൾ വകവെച്ചുകൊടുക്കുവാൻ മുസൽമാന്മാർ എപ്പോഴും ഒരുക്കമുള്ളവരാണു്. പട്ടികജാതിക്കാർക്കു് മുസൽമാന്നു കിട്ടിയ സ്ഥാനങ്ങളിൽ ഒരു സ്ഥാനം വിട്ടുകൊടുത്ത കഥ നിങ്ങൾ ഓർക്കണം. അവർക്കു് കിട്ടുന്ന വീതത്തിൽനിന്നു ഒരു ഭാഗം അവരെപ്പോലെ അവശതയനുഭവിക്കുന്ന പട്ടികജാതിക്കാർക്കു കൊടുത്തുകൊണ്ടാണു് അവർ ഇൻഡ്യാഗവർമ്മെണ്ടിന്റെ ഇടക്കാല ഗവർമ്മെണ്ടിൽ ചേർന്നതു്.

Mr. P. Kumaran Ezhuhassan *(Vadakkancheri)*: That is a Stunt.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: അതുകൊണ്ടു് ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന തത്വം സ്വീകരിച്ചു് ഗവർമ്മെണ്ടു് അവശസമുദായങ്ങൾക്കുള്ള പങ്കു് ശരിയായവിധം കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether the principle of the resolution is put to vote?

Rao Sahib P. V. Raphael *(Chief Secretary to Government) :* Excepting the blood shed referred to by you, the principle that minority communities should be given promotions to higher appointments but not in the next vacancy of the Secretary has been accepted by Government.

മിസ്റ്റർ പി. എ. മുഹമ്മതു് അശ്റഫ്: ബഹുമാനപ്പെട്ട ചീഫ് സിക്രട്ടറിയുടെ ഇതു പോലെയുള്ള പല വാക്കുകളും ഞങ്ങൾ കേട്ടിട്ടുണ്ടു്. അതെല്ലാം തുക്സപ്പറ ചെയ്യാമെന്നൊക്കെ പറഞ്ഞിട്ടുണ്ടു്. അതൊന്നും കൊടുത്തിട്ടില്ല. പക്ഷെ എടുത്തു കണ്ടിട്ടുണ്ടു്.

Rao Sahib P. V. Raphael *(Chief Secretary to Government):* മുസ്ലീം മെമ്പർ ഇങ്ങിനെ പറയുന്നതു കാരെ കഷ്ടമാണു്. Having seen all that has been done for his own community it is unjust and unfair Hon'ble Member to offer such remarks.

Mr. P. Mohammed Ashrof *(Cranganur):* I beg leave of the house to withdraw.

The resolution, by leave, withdrawn

12. Need to recognise the claims of the mofussil Bar in the matter of recruitment to the Judiciary

Mr. P. Kumaran Ezhuthassan *(Vadakkanchri):* I move that *"This Council recommends to Government that in the matter of recruitment to the judiciary from the Bar, the mofussil Bar be given due recognition"*.

This is a proposition, Sir, which has to be viewed on its merits. There is no communal colour in it. There is no puestion of age in it. There is no question of blood in it.

There is no question of commands from elsewhere in it. There is no question of propaganda in it. There is only a very essential proposition based upon a well founded principle which is behind this resolution. I would like Sir, to read the resolution over again, so that the attention of the House may be revetted upon what is wanted by the resolution and what I pray this House may be pleased to accord. Its support and sanction for.

Let it be noted Sir, that I am a person unqualified to go into the judiciary over aged to boot. There-fore let it not be mis-construed that this is an attempt on my part to get even a Magistrate's place or Munsiff's place or anything higher than that. Let it also be noted that I hail from an un-represented community and I leave it there. There are no persons in that community who are aspiring for these places. The proposition is not placed either on my personal behalf or on behalf of my community but on behalf of a profession whose humble member I have the honour and previlige being for the last 30 years or more. I have been viewing the appointments that are made to the judiciary from time to time and a casual look at appointments that these appointments to the judiciary belong to two categories. At times officers of Government who are qualified under the Standing Orders to go into the judiciary are appointed whether they are competent or not, whether there are long out of touch with the judicial side of their education or not, irrespective of question of merit. But because of certain other circumstances members of the service technically qualified but that technical qualification having left behind for years together have been recruited. That is one section of the recruitment to judiciary.

Another section, very rarely, very very rarely of the appointments to the judiciary was from the Bar. From where alone according to me can the appointments to the judiciary be made; and a dispassionate thinker will say that anybody who wants justice to be granted by the judiciary; any one who want justice equity and good conscience to be seen in every line of the jndgement that are written by the judicial officers, every one who has got that idea of the judiciary will say that every appointment, cent percent of it must be made from the Bar. That is a place Sir, the equal of it only that of the Doctor because both are places of service. Let it not be misunderstood that the profession of the Bar is place of a lucrative remuneration for the practitioner. True Sir, that the member of the profession inclusive of myself do take remuneration for the services that we render. For that service of the public if they can manage without taking remuneration for it, low figures or high figures it is much better that it is done. A practitioner if he will demand fee according to the riches of the client and deal with the poor client and give his service fee of cost as members of the profession are even now doing that will be noblest.

LIBRARY ARCHIVES Kerala Legislative Assembly